| 08–02–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
| --- | --- | --- | --- | --- |

**മധുരമായ കുട്ടികളേ – സദാ ഓർമ്മയിൽ വെയ്ക്കു നാം ബ്രാഹ്മണർ കുടുമിയാണ്, പുരുഷോത്തമരായി മാറികൊണ്ടിരിക്കുകയാണ്, എങ്കിൽ സന്തോഷത്തിലിരിക്കാം, സ്വയം സ്വയത്തോട് സംസാരിക്കാൻ പഠിക്കു എങ്കിൽ അപാര സന്തോഷം ഉണ്ടായിരിക്കും.**

**ചോദ്യം:–** ബാബയുടെ ശരണത്തിലേക്ക് ആർക്കാണ് വരാൻ സാധിക്കുക? ബാബ ആർക്കാണ് ശരണം കൊടുക്കുന്നത് ?
**ഉത്തരം:–** ആരാണോ പൂർണ്ണമായും നഷ്ടോമോഹ ആയിട്ടുള്ളത്, അവർക്കാണ് ബാബയുടെ ശരണത്തിലേക്ക് വരാൻ സധിക്കുന്നത്. അവരുടെ ബുദ്ധിയോഗം എല്ലാ ഭാഗത്തുനിന്നും മുറിഞ്ഞിരിക്കും, മിത്രസംബന്ധികളിൽ ബുദ്ധി കുടുങ്ങില്ല. ബുദ്ധിയിൽ ഉണ്ടായിരിക്കും ഒരു ബാബയല്ലാതെ ആരും ഇല്ല, ഇങ്ങനെയുള്ള കുട്ടികൾക്കേ സേവനം ചെയ്യാൻ സധിക്കൂ. ബാബയും ഇങ്ങനെയുള്ള കുട്ടികൾക്ക് തന്നെയാണ് അഭയം നൽകുന്നത്.

**ഓം ശാന്തി**. ഇതാണ് ആത്മീയ അച്ഛൻ, ടീച്ചർ, ഗുരു. ഇത് കുട്ടികൾ നല്ല രീതിയിൽ മനസ്സിലാക്കി കഴിഞ്ഞു. ലോകം ഈ കാര്യത്തെകുറിച്ച് അറിയുന്നില്ല. സന്യാസിമാർ പറയാറുണ്ട് ശിവോഹം. എന്നാലും ഇങ്ങനെ പറയാൻ കഴിയില്ല ഞങ്ങൾ തന്നെയാണ് അച്ഛനും ടീച്ചറും ഗുരുവുമെന്ന്. അവർ വെറുതെ പറയുന്നതാണ് ശിവോഹം തതത്വം. പരമാത്മ സർവ്വവ്യാപി ആയാൽ ഒരോരുത്തരും അച്ഛനും ടീച്ചറും ഗുരുവും ആകും. ഇങ്ങനെ ആരും ചിന്തിക്കുന്നതേയില്ല. മനുഷ്യർ സ്വയത്തെ, ഭഗവാൻ, പരമാത്മ എന്നൊക്ക പറയുന്നത് തികച്ചും തെറ്റ് തന്നെയാണ്. കുട്ടികൾക്ക് ബാബ മനസ്സിലാക്കി തരുന്നത് ബുദ്ധിയിൽ ഉണ്ടാകണമല്ലോ. മറ്റുള്ള പഠിപ്പിൽ എത്ര വിഷയങ്ങളാണ് ഉള്ളത്. എല്ലാ വിഷയങ്ങളും വിദ്യർത്ഥിയുടെ ബുദ്ധിയിൽ ഉണ്ടായിരിക്കില്ല. ഇവിടെ എന്ത് ബാബ പഠിപ്പിക്കുന്നൊ അത് ഒരു സെക്കൻ്റിൽ കുട്ടികളുടെ ബുദ്ധിയിൽ വരുന്നു. നിങ്ങൾ രചയിതാവിൻ്റെയും രചനയുടെയും ആദി –മദ്ധ്യ– അന്ത്യത്തിൻ്റെയും ജ്ഞാനം കേൾപ്പിക്കുന്നവരാണ്. നിങ്ങൾ തന്നെയാണ് ത്രികാലദർശി അഥവാ സ്വദർശനചക്രധാരിയായി മാറുന്നത്. മറ്റുള്ള പഠിപ്പ് തികച്ചും വ്യത്യസ്തമായ ഭൗതിക പഠിപ്പ് ആണ്. നിങ്ങൾ തെളിവോടെ മനസ്സിലാക്കി കൊടുക്കണം, സർവ്വർക്കും സദ്ഗതി ദാതാവ് ആ ഒരേഒരു അച്ഛനാണ് . എല്ലാ ആത്മാക്കളും പരമാത്മാവിനെ ഓർമ്മിക്കുന്നു. പറയാറുണ്ട് അല്ലയോ ഗോഡ് ഫാദർ. അപ്പോൾ തീർച്ചയായും ബാബയിൽ നിന്നും സമ്പത്ത് ലഭിച്ചിട്ടുണ്ടാകും. ലൗകീക സമ്പത്ത് നഷ്ടപ്പെടുന്നതിലൂടെ ദുഃഖം ഉണ്ടാകും. ഇത് സുഖ ദുഃഖത്തിൻ്റെ കളിയാണ്. ഈ സമയം എല്ലാവരും പതിതരും ദുഃഖിതരും ആണ്. പവിത്രമായി മാറുന്നതിലൂടെ സുഖം ലഭിക്കുന്നു. സുഖത്തിൻ്റെ ലോകം ബാബ സ്ഥാപിക്കുന്നു. കുട്ടികളുടെ ബുദ്ധിയിൽ ഉണ്ടായിരിക്കണം നമുക്ക് ബാബ മനസ്സിലാക്കി തരുകയാണ്, ജ്ഞാനസാഗരൻ ഒരേയൊരു ബാബയാണ്. സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിൻ്റെ ജ്ഞാനം ബാബ തന്നെയാണ് തരുന്നത്. മറ്റെല്ലാ ധർമ്മങ്ങളുടേയും സ്ഥാപകർ, അവരെല്ലാം തങ്ങളുടെ സമയത്ത് വരും. ഈ കാര്യങ്ങളൊന്നും ആരുടെയും ബുദ്ധിയിൽ ഇല്ല. നിങ്ങൾക്ക് വേണ്ടി ബാബ ഈ പഠിപ്പ് തികച്ചും സഹജമാക്കി തന്നു. കേവലം അല്പം വിസ്താരത്തിൽ മനസ്സിലാക്കി തരുന്നു. അച്ഛനായ എന്നെ ഓർമ്മിക്കു എങ്കിൽ നിങ്ങൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറും. യോഗത്തിന് മഹിമ കുടുതൽ ആണ്. ഭാരതത്തിൻ്റെ പ്രാചീനയോഗമെന്ന് മഹിമ പാടുന്നുണ്ട്. പക്ഷേ യോഗം കൊണ്ട് എന്ത് ലാഭം എന്ന് ആർക്കും അറിയില്ല. ഇതാണ് ഗീതയിലെ ഭഗവാൻ പഠിപ്പിക്കുന്ന അതേ യോഗം. ബാക്കി ആരെല്ലാം പഠിപ്പിക്കുന്നുവോ അവർ മനുഷ്യരാണ് . ദേവതമാരിൽ യോഗത്തിൻ്റെ കാര്യമേ ഇല്ല. ഈ ഹഠയോഗമെല്ലാം മനുഷ്യരാണ് പഠിപ്പിക്കുന്നത്. ദേവതകൾ പഠിക്കുന്നുമില്ല പഠിപ്പിക്കുന്നുമില്ല. ദേവീകലോകത്തിൽ യോഗത്തിൻ്റെ കാര്യമേയില്ല. യോഗത്തിലുടെ എല്ലാവരും പാവനമായി മാറുന്നു. അത് തീർച്ചയായും ഇവിടെയാണ് ആകുന്നത്. ബാബ വരുന്നത് തന്നെ സംഗമത്തിൽ പുതിയ ലോകം തയ്യാറാക്കാനാണ്. ഇപ്പോൾ നിങ്ങൾ പഴയ ലോകത്തിൽ നിന്നും പുതിയ ലോകത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ഇത് ആർക്ക് മനസ്സിലാക്കി കൊടുക്കുന്നതും അത്ഭുതമാണ്. നമ്മൾ ബ്രാഹ്മണർ കുടുമിയാണ്, സത്യയുഗത്തിൻ്റെയും കലിയുഗത്തിൻ്റെയും ഇടയിലുള്ളവരാണ് ബ്രാഹ്മണർ. ഇതാണ് സംഗമം എന്ന് പറയുന്നത്. ഇതിലൂടെ നിങ്ങൾ പുരുഷോത്തമരായി മാറിക്കൊണ്ടിരിക്കുന്നു. ഇത് കുട്ടികളുടെ ബുദ്ധിയിൽ ഉണ്ടായിരിക്കണം പുരുഷോത്തമരായി മാറിയാൽ സദാ സന്തോഷം ഉണ്ടായിരിക്കും. എത്ര സേവനം ചെയ്യുന്നോ അത്രയും സന്തോഷം ഉണ്ടാകും. സമ്പാദിക്കണം സമ്പാദിപ്പിക്കണം. എത്രയും പ്രദർശിനിയുടെ സേവ ചെയ്യുന്നുവെങ്കിൽ കേൾക്കുന്നവർക്കും സുഖം ഉണ്ടായിരിക്കും. തൻ്റെയും മറ്റുള്ളവരുടെയും നന്മ നടക്കും. ചെറിയ സെൻ്ററിലും മുഖ്യമായ 5–6 ചിത്രങ്ങൾ വേണം. ചിത്രങ്ങളിലുടെ മന

സ്സിലാക്കി കൊടുക്കാൻ സഹജമാണ്. മുഴുവൻ ദിവസവും സേവനം തന്നെ സേവനം. ബന്ധു മിത്രാദികളോട് മോഹം പാടില്ല. എന്തെല്ലം കണ്ണുകളിലൂടെ കാണുന്നുവോ അതെല്ലാം നശിക്കാനുള്ളതാണ്. ബാക്കി ദിവ്യ ദൃഷ്ടിയിലൂടെ കാണാം അതിന്റെ സ്ഥാപന നടന്നു കൊണ്ടിരിക്കുകയാണ്. ഇങ്ങനെ സ്വയത്തിനോട് സംസാരിക്കു എങ്കിൽ നിങ്ങൾ ഉറച്ചവരാകും. പരിധിയില്ലാത്ത ബാബയെ കിട്ടിയ സന്തോഷം ഉണ്ടാകണം. ഏതെങ്കിലും രാജാവിനൊപ്പം ജന്മം എടുക്കുകയാണെങ്കിൽ എത്ര ലഹരി ഉണ്ടാകണം. നിങ്ങൾ കുട്ടികൾ സ്വർഗത്തിന്റെ അധികാരിയായി മാറികൊണ്ടിരിക്കുകയാണ്. ഓരോരുത്തരും തനിക്ക് വേണ്ടി പരിശ്രമിച്ച് കൊണ്ടിരിക്കുകയാണ്. ബാബ പറയുകയാണ് കാമചിതയിൽ ഇരുന്ന് നിങ്ങൾ കറുത്ത് പോയി. ഇപ്പോൾ ജ്ഞാന ചിതയിൽ ഇരിക്കു എങ്കിൽ വെളുത്തതായിമാറും. ബുദ്ധിയിൽ ഈ ചിന്തനം നടക്കണം , ഓഫീസിൽ ജോലി ചെയ്ത് കൊണ്ടിരിക്കുമ്പോഴും, ഓർമ്മിച്ച് കൊണ്ടിരിക്കു. സമയം ഇല്ല എന്ന ഒഴിവ്കഴിവ് പാടില്ല. എത്ര സമയം ലഭിക്കുന്നോ അത്രയും ആത്മീയ സമ്പാദ്യം ഉണ്ടാക്കൂ. എത്ര വലിയ സമ്പാദ്യം ആണ്. ആരോഗ്യവും സമ്പത്തും രണ്ടും ഒരുമിച്ച് ലഭിക്കുന്നു. ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്ന് ജ്ഞാനയോഗത്തിൽ അകത്തുള്ളവരേക്കാളും വേഗത്തിൽ പോകാൻ സാധിക്കും. എല്ലാറ്റിന്റെയും ആധാരം ഓർമ്മയാണ്. എല്ലാവരും ഇവിടെ ഇരുന്നാൽ സേവനം എങ്ങനെ നടക്കും. ഉന്മേഷം നിറച്ച് സേവനത്തിൽ മുഴുകണം. സേവനത്തിന്റെ ചിന്തനം വേണം. ബാബയ്ക്ക് പ്രദർശിനിയിൽ ഒന്നും പോവാൻ സാധിക്കില്ല. കാരണം ബാബയുടേയും ദാദയുടേയും ആത്മാക്കൾ രണ്ട് പേരും ഒരുമിച്ചാണ്. ഇത് അത്ഭുതമായ ജോഡിയാണ്. ഈ ജോഡിയെ കുറിച്ച് നിങ്ങൾക്കല്ലാതെ മറ്റാർക്കും അറിയില്ല. സ്വയത്തേ ജോഡിയാണെന്നും മനസ്സിലാക്കും പിന്നെ ഞാൻ ഒരേയൊരു ബാബയുടെ കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടിയാണ് എന്നും പറയും. ഈ ലക്ഷ്മി നാരായണന്റെ ചിത്രത്തെ കണ്ട് വളരെ സന്തോഷിക്കുന്നു. ഞങ്ങളുടെ അടുത്ത ജന്മം ഇതാണ്, ഞങ്ങൾ തീർച്ചയായും സിംഹാസനത്തിൽ ഇരിക്കും. നിങ്ങളും രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്, ലക്ഷ്യം മുന്നിൽ തന്നെ ഉണ്ട്. ബ്രഹ്മാബാബയ്ക്ക് വളരെ സന്തോഷമാണ് ഞാൻ ബാബയ്ക്ക് കളഞ്ഞ്പോയി തിരികെ കിട്ടിയ കുട്ടിയാണ്. എന്നിട്ടും ബാബയുടെ ഓർമ്മ സദാ നിലനിൽക്കുന്നില്ല. മറ്റുള്ളതിലേക്ക് ചിന്തകൾ പോവുന്നു. പൂർണ്ണമായും ഓർമ്മിയ്ക്കുക, മറ്റുള്ള ചിന്ത വരാതിരിക്കുക, ഡ്രാമയിൽ ഇങ്ങനെയുള്ള നിയമം ഇല്ല. മായയുടെ കൊടുംകാറ്റ് ഓർമ്മിക്കാൻ അനുവദിക്കില്ല. അറിയാം എനിക്ക് വളരെ സഹജമാണ് കാരണം ബാബ പ്രവേശിക്കുന്നത് കൊണ്ട്. ബാബയുടെ നമ്പർ 1 കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടിയാണ് . ആദ്യ നമ്പർ രാജകുമാരനാകും, എന്നിട്ടും ഓർമ്മ നഷ്ടപ്പെടുന്നു. പല ചിന്തകൾ വരുന്നു. ഇതും മായയാണ്. സാകാര ബാബയ്ക്ക് അനുഭവം ഉണ്ടാകുമ്പോഴാണ് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിതരാൻ സാധിക്കുക. ഈ ചിന്തകളെല്ലാം അവസാനിക്കുമ്പോഴാണ് കർമ്മാതീതമാവുക. ആത്മാവ് സമ്പൂർണ്ണമായി മാറി കഴിഞ്ഞാൽ പിന്നീട് ഈ ശരീരത്തിൽ ഇരിക്കില്ല. ശിവബാബ സദാ പവിത്രമാണ്. പതിതമായ ലോകത്തിൽ പതിതമായ ശരീരത്തിലേക്ക് വന്ന് പാവനമാക്കി മാറ്റാനുള്ള പാർട്ട് ബാബയുടെതാണ്. ഡ്രാമയിൽ ബന്ധിതനാണ്. നിങ്ങൾ പാവനമായി മാറി കഴിഞ്ഞാൽ പുതിയ ശരീരം വേണം. ശിവബാബയ്ക്ക് തന്റേതായ ശരീരം ഇല്ല. ഈ ശരീരത്തിലെ ഈ ആത്മാവിന് മഹത്വമുണ്ട്. ബാബക്ക് പിന്നെ എന്താണുള്ളത്. ശിവബാബ മുരളി പറഞ്ഞ് കഴിഞ്ഞാൽ പോവുന്നു. ഫ്രീയാണ്. ചിലപ്പോൾ ഒരിടത്ത്, ചിലപ്പോൾ മറ്റൊരിടത്ത് പോകുന്നു. കുട്ടികൾക്കും അനുഭവപ്പെടാറുണ്ട് ശിവബാബാ മുരളി കേൾപ്പിക്കുന്നു. കുട്ടികൾക്കുമറിയാം ഈ ശിവബാബ മുരളി നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മൾ ബാബയെ സഹായിക്കുന്നതിന് വേണ്ടി ഈശ്വരീയ സേവനത്തിൽ ആണ് എന്നും കുട്ടികൾക്കറിയാം. ബാബ പറയുന്നു ഞാനും എന്റെ മധുരമായ വീട് ഉപേക്ഷിച്ച് വന്നിരിക്കുകയാണ്. പരംധാമം അർത്ഥം എറ്റവും ഉപരിയായ ലോകം, മൂലവതനം. ബാക്കി മുഴുവൻ നാടകവും സൃഷ്ടിയിൽ ആണ് നടക്കുന്നത്. നിങ്ങൾക്ക് അറിയാം ഇത് അത്ഭുതമായ കളിയാണ്. ബാക്കി ലോകം ഒന്നേയുള്ളു.
ലോകത്തിലുള്ളവർ ചന്ദ്രനിൽ പോവാൻ പരിശ്രമിക്കുന്നു, ഇത് സയൻസിന്റെ ബലം ആണ്. ശാന്തിയുടെ ശക്തിയിലുടെ നാം എപ്പോൾ സയൻസിന്റെ മേൽ വിജയം പ്രാപ്തമാക്കുന്നുവോ അപ്പോൾ സയൻസും സുഖം തരുന്നതായി മാറുന്നു. ഇവിടെ സയൻസ് സുഖവും തരുന്നുണ്ട് ദുഃഖവും തരുന്നുണ്ട്. അവിടെ സുഖം മാത്രം. ദുഃഖത്തിന്റെ പേര് തന്നേയില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ മുഴുവൻ ദിവസവും ബുദ്ധിയിൽ ഉണ്ടായിരിക്കണം. ബാബയ്ക്ക് എത്ര ചിന്തകൾ ഉണ്ടായിരിക്കും. ബന്ധനസ്ഥരായ സ്ത്രീകൾ വികാരത്തിനുവേണ്ടി എത്ര അടി വാങ്ങിക്കുന്നു. ചിലർ മോഹത്തിൽ പെട്ട് കുടുങ്ങി പോവുന്നു. നിശ്ചയ ബുദ്ധിയുള്ളവർ പറയും ഞങ്ങൾക്ക് അമൃത് കുടിക്കണം, ഇതിൽ നഷ്ടോമോഹയായി മാറണം. പഴയലോകത്തിൽ നിന്നും മനസ്സ് മാറണം. അങ്ങിനെത്തന്നെയാണ് സേവനതൽപരർക്ക് ബാബയുടെ ഹൃദയത്തിൽ വസിക്കാൻ സാധിക്കുക. അവർക്കാണ് അഭയം ലഭിക്കുക. കുമാരി തന്റെ പതിയെ അഭയം പ്രാപിക്കുന്നതിലുടെ വിഷം ഇല്ലാതെ ഇരിക്കുന്നില്ല. വീണ്ടും ബാബയുടെ അഭയത്തിലേക്ക് വരേണ്ടി വരുന്നു. പക്ഷെ പൂർണ്ണമായും നഷ്ടൊമോഹയായി മാറണം. പതിമാരുടേയും പതി പരമേശ്വരനെ ലഭിച്ചു, ഇപ്പോൾ ബാബയുമായി ബുദ്ധിയോഗത്തിന്റെ ബന്ധനം ചെയ്യണം. എന്റേതായി ഒരു ബാബ മാത്രം

രണ്ടാമതായി ആരും ഇല്ല. എങ്ങനെയാണോ കുമാരിക്ക് പതിയോട് ഇഷ്ടം തോന്നുന്നത്, അതുപോലെ ഇത് ആത്മാക്കൾക്ക് പരമാത്മാവിനോടുള്ള ഇഷ്ടമാണ്. ലൗകീകത്തിൽ നിന്ന് ദുഃഖം ലഭിക്കുന്നു ബാബയിൽ നിന്ന് സുഖം ലഭിക്കുന്നു. ഇതാണ് സംഗമം ഈ യുഗം ആരും അറിയുന്നില്ല. നിങ്ങൾക്ക് എത്ര സന്തോഷം വേണം. നമുക്ക് തോണിക്കാരനെ അഥവാ തോട്ടക്കാരനെ ലഭിച്ചിരിക്കയാണ്, ബാബ നമ്മളെ പൂക്കളുടെ പൂന്തോട്ടത്തിലേക്ക് കൂട്ടികൊണ്ട് പോവുകയാണ്. ഈ സമയം എല്ലാ മനുഷ്യരും മുള്ളുകൾ പോലെയായിരിക്കുന്നു. എറ്റവും വലിയ മുള്ള് കാമ വികാരത്തിന്റേതാണ്. ആദ്യം നിങ്ങൾ നിർവികാരികളായ പൂക്കൾ ആയിരുന്നു, പതുക്കെ പതുക്കെ കലകൾ കുറഞ്ഞു ഇപ്പോൾ വലിയ മുള്ളുകളായി മാറി. ബാബയെ ബബുൽനാഥ് എന്നും പറയും. നിങ്ങൾക്ക് അറിയാം ശരിയായ പേര് ശിവൻ എന്നാണ് ബബുൽനാഥ് എന്ന പേര് മുള്ളുകളെ പൂക്കളാക്കുന്നത് കൊണ്ടാണ്. ഭക്തിമാർഗത്തിൽ വളരെയധികം പേര് വെക്കുന്നു. ശരിയായ പേര് ഒന്നുമാത്രമാണ് ശിവൻ. രുദ്രജ്ഞാന യജ്ഞവും ശിവജ്ഞാന യജ്ഞവും ഒന്നാണ്. രുദ്രജ്ഞാന യജ്ഞത്തിലൂടെ വിനാശ ജ്വാല ഉണ്ടായി, പിന്നെ ശ്രീകൃഷ്ണപുരി അഥവാ ആദിസനാതന ദേവീദേവതാധർമ്മത്തിന്റെ സ്ഥാപന നടക്കുന്നു. നിങ്ങൾ ഈ യജ്ഞത്തിലൂടെ മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നു. ചിത്രവും അത്ഭുതമായത് ഉണ്ടാക്കുന്നുണ്ട്. വിഷ്ണുവിന്റെ നാഭിയിൽനിന്നും ബ്രഹ്മാവുണ്ടായി ഈ കാര്യം നിങ്ങൾക്കറിയാം അതായത് ബ്രഹ്മാ സരസ്വതിയാണ് ലക്ഷ്മി നാരയണനായിമാറുന്നത്. ഇത് ഉറപ്പാണ്. ലക്ഷ്മി നാരായണൻ തന്നെയാണ് 84 ജന്മത്തിന് ശേഷം ബ്രഹ്മാ സരസ്വതിയായി മാറുന്നത്. മനുഷ്യർ ഈകാര്യങ്ങൾ കേൾക്കുമ്പോൾ അത്ഭുതപ്പെടും. സന്തോഷത്തോടെ വരും പക്ഷേ മായ ചെറുതൊന്നുമല്ല. കാമം മഹാശത്രുവാണ്. മായ നാമ രൂപത്തിൽ കുരുക്കി വീഴ്ത്തും. ബാബയെ ഓർമ്മിക്കാൻ അനുവദിക്കില്ല. പീന്നിട് സന്തോഷവും കുറയും. ഞങ്ങൾ വളരെയധികം പേർക്ക് മനസ്സിലാക്കി കൊടുക്കുന്നു എന്നതിൽ സന്തോഷിക്കരുത്, ആദ്യം നോക്കണം ബാബയെ എത്ര ഓർമ്മിക്കുന്നു. രാത്രിയിൽ ബാബയെ ഓർമ്മിച്ച് ഉറങ്ങുന്നുണ്ടോ അതൊ മറക്കുന്നുണ്ടൊ. ചില കുട്ടികൾ വളരെ ഉറപ്പുള്ളവരാണ്.

നിങ്ങൾ വളരെ ഭാഗ്യശാലികളാണ്. ബാബക്ക് മേൽ വളരെ ഭാരം ഉണ്ട് എന്നാലും രഥം ആയത് കൊണ്ട് ഇളവ് ലഭിക്കുന്നുണ്ട്. ജ്ഞാന യോഗം ഇല്ലാതെ ലക്ഷ്മി നാരായണനായി എങ്ങനെ മാറും. സന്തോഷവും ഉണ്ട്, ഞാൻ നേരിട്ട് ബാബയുടെ കുട്ടിയാണ് പിന്നെ എന്നിലൂടെ ഇത്രയും കുട്ടികൾ, ഈ ലഹരി ഉണ്ടായിരിക്കുമ്പോഴും മായ വിഘ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. കുട്ടികൾക്കും മായ വിഘ്നമായിട്ട് വരുന്നുണ്ട് . കർമ്മാതീത അവസ്ഥ മുന്നോട്ട് പോവുമ്പോൾ ഉണ്ടാകും ബാപ്ദാദ രണ്ട്പേരും ഒപ്പമാണ്. പറയുന്നില്ലേ മധുര– മധുരമായ കുട്ടികളെ... ബാബ സ്നേഹത്തിന്റെ സാഗരനാണ്. രണ്ട്പേരും ഒപ്പമാണ് ബ്രഹ്മാ ബാബയും സ്നേഹിക്കുന്നുണ്ട്. ബാബക്ക് അറിയാം ഞാൻ എങ്ങനെയുള്ള കർമ്മം ചെയ്യുന്നോ അത് കണ്ട് മറ്റുള്ളവരും ചെയ്യും. വളരെ മധുരമുള്ളവരാകണം. കുട്ടികൾ വളരെ സമർത്ഥരാവണം. ഈ ലക്ഷ്മി നാരയണനെ നോക്കു എത്ര സമർത്ഥരാണ്. ബുദ്ധിസാമർത്ഥ്യത്തിലൂടെയാണ് രാജ്യം നേടിയത്. പ്രദർശിനിയിലുടെ വളരെ പ്രജകളെ തയ്യാറക്കണം. ഭാരതം വളരെ വലുതാണ്, ഇത്രയും സേവനം ചെയ്യണം. രണ്ടാമത്തേത് ഓർമ്മയിൽ ഇരുന്ന് വികർമ്മം വിനാശവും ചെയ്യണം. കടുത്ത ചിന്തയിതാണ്, ഞങ്ങൾക്ക് തമോപ്രധാനതയിൽ നിന്നും എങ്ങനെ സതോപ്രധാനമായി മാറാം? ഇതാണ് പരിശ്രമം. സേവനത്തിന് അവസരം വളരെയധികം ഉണ്ട്. ട്രെയിനിൽ ബാഡ്ജിലൂടെ സേവനം ചെയ്യാൻ സാധിക്കും. ബാബയും സമ്പത്തും. 5000 വർഷം മുമ്പ് ഭാരതം സ്വർഗ്ഗമായിരുന്നു. ലക്ഷ്മി നാരായണന്റെ രാജ്യം ആയിരുന്നു. വീണ്ടും ഇവരുടെ രാജ്യം വരണം. നമ്മൾ ബാബയുടെ ഓർമ്മയിലൂടെ പാവനമായ ലോകത്തിന്റെ അധികാരിയായി മാറികൊണ്ടിരിക്കുകയാണ് ട്രെയിനിൽ വളരെയധികം സേവനം നടക്കും. ഒരു കംപാർട്ടുമെന്റിൽ സേവനം ചെയ്ത് അടുത്തതിലേക്ക് പോകണം. ഇങ്ങനെ സേവ ചെയ്യുന്നവരാണ് ബാബയുടെ ഹൃദയത്തിൽ കയറുക. പറയു, ഞങ്ങൾ താങ്കൾക്ക് സന്തോഷവാർത്ത കേൾപ്പിക്കാം. നിങ്ങൾ ആരാധ്യ ദേവതകളായിരുന്നു പിന്നീട് 84 ജന്മങ്ങൾ എടുത്ത് ആരാധകരായി മാറി. ഇപ്പോൾ വീണ്ടും ആരാധ്യരായി മാറണം. പടികളുടെ ചിത്രം വളരെ നല്ലതാണ്, ഇതിലൂടെ സതോ, രജോ, തമോ ഇത് തെളിയിക്കണം. സ്കൂളിൽ അവസാനസമയത്ത് കുതിപ്പ് നടത്തി പാഠഭാഗങ്ങൾ പൂർത്തിയാക്കാൻ താൽപര്യമുണ്ടാകും. ഇവിടെയും മനസ്സിലാക്കിത്തരുന്നു, ആര് സമയം പാഴാക്കിയോ അവർക്ക് കുതിപ്പ് നടത്തി സേവനത്തിൽ ഏർപ്പെടണം. സേവനത്തിന് അവസരം ധാരാളം ഉണ്ട്. സേവാധാരികളായ പെൺകുട്ടികൾ വളരെ തയ്യാറാകണം, ബാബ അവരെ എവിടെ വേണമെങ്കിലും പറഞ്ഞയക്കും. ക്ഷേത്രങ്ങളിൽ സേവ നല്ലതായിരിക്കും. ദേവത ധർമ്മത്തിലുള്ളവർ പെട്ടന്ന് മനസ്സിലാക്കും. ഗംഗാ സ്നാനസമയത്തും മനസ്സിലാക്കി കൊടുക്കാൻ സാധിക്കും, അപ്പോൾ ഹൃദയത്തിൽ തീർച്ചയായും തട്ടും. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക്

നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) സദാ സന്തോഷത്തിൽ കഴിയുന്നതിന് വേണ്ടി ആത്മീയസേവനം ചെയ്യണം, സത്യമായ സമ്പാദ്യം ചെയ്യണം, ചെയ്യിപ്പക്കണം. തന്റെയും മറ്റുള്ളവരുടെയും നന്മ ചെയ്യണം. ട്രെയിനിലും ബാഡ്ജിലൂടെ സേവനം ചെയ്യണം

2) പഴയ ലോകത്തിൽ നിന്ന് മനസ്സ് മാറ്റണം. നഷ്ടോമോഹയായി മാറണം, ഒരു ബാബയോട് സത്യമായ പ്രീതി വെക്കണം.

## വരദാനം:- സംഗമയുഗത്തിന്റെ മഹത്വത്തെ അറിഞ്ഞ് ഓരോ സമയത്തും വിശേഷ ശ്രദ്ധ നൽകുന്ന ഹീറോ പാർട്ട് ധാരിയായി ഭവിക്കൂ

ഓരോ കർമ്മം ചെയ്തു കൊണ്ടും സദാ ഈ വരദാനം സ്മൃതിയിലുണ്ടായിരിക്കണം ഞാൻ ഹീറോ പാർട്ട് ധാരിയാണ് അപ്പോൾ ഓരോ കർമ്മവും വിശേഷമാകും, ഓരോ സെക്കന്റും, ഓരോ സമയവും, ഓരോ സങ്കൽപവും ശ്രേഷ്ഠമാകും. 5 മിനിറ്റല്ലേ സാധാരണമായുള്ളൂ, ഇങ്ങനെ ചിന്തിക്കരുത്. സംഗമയുഗത്തിന്റെ 5 മിനിറ്റും വളരെ മഹത്വമുള്ളതാണ്. 5 മിനിറ്റ് 5 വർഷത്തെക്കാളും കൂടുതലാണ് അതുകൊണ്ട് ഓരോ സമയവും ഇത്രയും ശ്രദ്ധ ഉണ്ടായിരിക്കണം. സദാകാലത്തെ രാജ്യഭാഗ്യം പ്രാപ്തമാക്കണമെങ്കിൽ ശ്രദ്ധയും സദാകാലത്തേതായിരിക്കണം.

## സ്ലോഗൻ:- ആരുടെ സങ്കൽപത്തിലാണോ ദൃഢതയുടെ ശക്തിയുള്ളത്, അവർക്ക് എല്ലാ കാര്യവും സംഭവ്യമാണ്.